# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി.ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ്-ഐ.സി.പി.എസ്-ഓ.ആർ.സി. യുടെ സൈക്കോളജിസ്റ്റുമാർക്ക് 2021 മേയ് മുതൽ 2021 ഒക്ടോബർ വരെ 6 മാസകാലയളവിലെ വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) 15.11.2017 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം. 32.
(2) 21.04.2021 ലെ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ്
(3) 17.05.2021 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O.(Rt) No.314/2021/SJD

## ഉത്തരവ് നമ്പർ ICPS 4(C)/1398/21 തീയതി: 19.05.2021

വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി) പദ്ധതി പ്രകാരം തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ ഓ.ആർ.സി. ജില്ലാ റിസോഴ്സ് സെന്ററുകളിൽ നിയമിതരായ സൈക്കോളജിസ്റ്റുമാരുടെ പ്രതിമാസ വേതനം 22,000/- രൂപയാണ്. പരാമർശം (1) പ്രകാരം യൂണിസെഫിന്റെ സഹായത്തോടെ നിയമിതരായ സൈക്കോളജിസ്റ്റുമാരെ ഓ.ആർ.സി. സ്റ്റേറ്റ് ഫണ്ടിന്റെ സഹായത്തോടെ തുടർന്നും നിലനിർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം ഓ.ആർ.സി. പദ്ധതിയ്ക്ക് 2021-22 സാമ്പത്തിക വർഷത്തിൽ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് അനുമതിയും പരാമർശം (3) പ്രകാരം ഫണ്ട് വിനിയാഗിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

ജില്ലാതലത്തിൽ നിയമിതരായിരിക്കുന്ന സൈക്കോളജിസ്റ്റുമാർക്ക് 2021 മേയ് മാസം മുതൽ 2021 ഒക്ടോബർ മാസം വരെ 6 മാസകാലയളവിലെ വേതനവും 2020 - 21 സാമ്പത്തിക വർഷം കോവിഡ് ഫണ്ട് ഇനത്തിൽ ഈടാക്കിയ തുകയും അനുവദിക്കേണ്ടതുണ്ട്. കരാർ കാലാവധി അവസാനിച്ച ജില്ലകളിലെ സൈക്കോളജിസ്റ്റുമാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ പ്രതിദിനം 733/- രൂപ നിരക്കിൽ ഹാജരായ ദിവസങ്ങൾ കണക്കാക്കി പരമാവധി 21,990/- രൂപയും കരാർ അടിസ്ഥാനത്തിൽ തുടരുന്ന ജില്ലകളിലെ പ്രോജക്ട് അസിസ്റ്റന്റുമാർക്ക് കരാർ വേതനമായ 22,000/- രൂപയും അനുവദിക്കാവുന്നതാണ്. ടി സാഹചര്യത്തിൽ 2021 മേയ് മാസം മുതൽ 2021 ഒക്ടോബർ മാസം വരെയുള്ള 6 മാസകാലയളവിലെ വേതനമായ (22,000*6=1,32,000/-) രൂപയും കോവിഡ് ഫണ്ട് ഇനത്തിൽ (22,000/-) രൂപയും ചേർത്ത് 1,54,000/- രൂപ വീതം 7 ജില്ലകൾക്കായി ആകെ **10,78,000/- ( പത്ത് ലക്ഷത്തി എഴുപത്തി എട്ടായിരം രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനവദിക്കേണ്ട ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 1,54,000/- രൂപ |
| 2 | ഇടുക്കി | 1,54,000/- രൂപ |
| 3 | എറണാകുളം | 1,54,000/- രൂപ |
| 4 | തൃശ്ശൂർ | 1,54,000/- രൂപ |
| 5 | മലപ്പുറം | 1,54,000/- രൂപ |
| 6 | കോഴിക്കോട് | 1,54,000/- രൂപ |
| 7 | വയനാട് | 1,54,000/- രൂപ |
| | **ആകെ** | **10,78,000/- രൂപ** |

കരാർ കാലാവധി അവസാനിച്ച സൈക്കോളജിസ്റ്റുമാർക്ക് കരാർ പുതുക്കി നൽകുന്നതിനനുസരിച്ച് ശമ്പള കുടിശ്ശിക അനുവദിക്കേണ്ടതാണ്. ഓ.ആർ.സി. സൈക്കോളജിസ്റ്റുമാർക്ക് മേൽ പട്ടിക പ്രകാരം ആകെ **10,78,000/- ( പത്ത് ലക്ഷത്തി എഴുപത്തി എട്ടായിരം രൂപ മാത്രം) 2021-22** സാമ്പത്തിക വർഷത്തെ ഓ.ആർ.സിയുടെ ശീർഷകമായ **2235 – 02 – 102 - 36 (P) 01** ലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന കംപോണന്റിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ മുഖാന്തിരം പ്രസ്തുത തുക അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട ഡി.സി.പി.ഒ. മാർ അതത് ജില്ലകളിലെ ഓ.ആർ.സി. സൈക്കോളജിസ്റ്റുമാർക്ക് വേതനം, കോവിഡ് ഫണ്ട് എന്നീ ഇനത്തിൽ തുക അനുവദിക്കേണ്ടതും ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ട തുമാണ്.

**(ഒപ്പ്)**
**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി, SCPS**

<u>പകർപ്പ്:</u>

1. **ജില്ലാ വനിത ശിശു വികസന ഓഫീസർമാർ**
   (തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം,കോഴിക്കോട്, വയനാട്)
2. **ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ**
   (തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം,കോഴിക്കോട്, വയനാട്)
3. സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,
4. ICPS 4
5. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**അഡീഷണൽ ഡയറക്ടർ**